പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 995 — 6/6/2018 ൽ മറുപടിക്ക്

## നിപ വൈറസ് വാഹകർ

ചോദ്യം — മറുപടി

ശ്രീ. കെ വി വിജയദാസ്: — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | നിപ വൈറസിന്റെ വാഹകർ വവ്വാലുകൾ ആണെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ എത്ര മാത്രം വാസ്തവമുണ്ട്; വിശദവിവരം നൽകുമോ; | എ) | ഉണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിൽ രോഗം ബാധിച്ച പ്രദേശത്തു നിന്ന് പശു, ആട്, പന്നി, വവ്വാൽ എന്നിവയുടെ രക്ത സാമ്പിളുകൾ ഭോപാലിലുള്ള ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ പരിശോധനയ്ക്കയച്ചുവെങ്കിലും ആയതിന്റെ ഫലം നെഗറ്റീവാണ്. |
| ബി) | മൃഗസംരക്ഷണവകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) | ഇല്ല. എന്നാൽ നിപ ബാധിച്ച പ്രദേശങ്ങളിൽ രോഗനിരീക്ഷണവും സാമ്പിൾ ശേഖരണവും നടത്തിവരുന്നു. |
| സി) | നിപ വൈറസുകളുടെ കാര്യത്തിൽ വാഹകർ എപ്പോഴും മൃഗങ്ങളാണോ; ഇത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ വിശദീകരണമെന്താണ് ? | സി) | നിപ വൈറസ് ബാധിച്ച പ്രദേശങ്ങളിലെ വളർത്തു മൃഗങ്ങളായ പശു, ആട്, പന്നി, വവ്വാൽ എന്നിവയിൽ നിന്ന് ശേഖരിച്ച സാമ്പിളുകളിൽ നിപ വൈറസ് ബാധയില്ലെന്ന റിപ്പോർട്ടാണ് ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ നിന്നും ലഭിച്ചിട്ടുള്ളത്. കൂടാതെ അസ്വാഭാവികമായ രോഗലക്ഷണങ്ങൾ ഒന്നും തന്നെ ഈ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളിൽ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻഓഫീസർ